**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5661** **08-11-2021 - ൽ മറുപടിയ്ക്ക്**

**അംഗീകാരമില്ലാത്ത നിധി കമ്പനികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അംഗീകാരമില്ലാത്ത നിധി കമ്പനികൾ വൻതോതിൽ നിക്ഷേപം സ്വീകരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിശോധിക്കുന്നതിനും വ്യാജ കമ്പനികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും തയാറാകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും എന്നാൽ കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത നിധി കമ്പനികൾ കമ്പനി ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃത നിക്ഷേപം സ്വീകരിച്ച് വിശ്വാസ വഞ്ചന നടത്തിയതുമായി ബന്ധപ്പെട്ട് 110 കേസുകൾ (കോഴിക്കോട് സിറ്റി 100 & വയനാട് 10 കേസുകൾ) രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. സാമ്പത്തിക കുറ്റകൃത്യങ്ങളും വ്യാജ കമ്പനികളുടെ പ്രവർത്തനങ്ങളും തടയുന്നതിനായി ആവശ്യമായ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ ബോധവൽകരണ പരിപാടികൾ സംഘടിപ്പിച്ചും മണിചെയിൻ മാതൃകയിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്ന കമ്പനികളേയും വ്യക്തികളേയും പ്രത്യേകം നിരീക്ഷിച്ചും കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് Banning of Unregulated Deposit Scheme 2019 പ്രകാരവും മറ്റും ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും ആഭ്യന്തര വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ബി) | നിധി കമ്പനികളുടെ രൂപീകരണത്തിലും പ്രവർത്തനത്തിലും കാതലായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | ഇത് സംബന്ധിച്ച് പ്രത്യേകമായ തീരുമാനങ്ങളൊന്നും ധനവകുപ്പ് കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ